പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3393 — 14.03.2017 ൽ മറുപടിയ്ക്ക്

# കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

| ചോദ്യം<br>ശ്രീ. പി.കെ. ബഷീർ | ഉത്തരം<br>ശ്രീ.പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|
| (എ) പൊതുഭരണ വകുപ്പ്, ധനകാര്യവകുപ്പ്, ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പ് എന്നിവയെ ഉൾപ്പെടുത്തി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇക്കാര്യത്തിൽ നിലവിലുള്ള ഭരണ പരിഷ്കാര കമ്മീഷന്റെ അഭിപ്രായം തേടിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) ഉണ്ട്. 04.01.2017 ലെ G.O.(Ms)No.1/2017/ P&ARD ന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. ഇക്കാര്യത്തിൽ നിലവിലുള്ള ഭരണ പരിഷ്കാര കമ്മീഷന്റെ അഭിപ്രായം തേടിയിട്ടില്ല. ഇക്കാര്യത്തിൽ 3-ാം ഭരണപരിഷ്കാര കമ്മീഷൻ ശുപാർശ നിലവിലുണ്ട്. |
| (ബി) പി.എസ്.സി. നടത്തുന്ന സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് പരീക്ഷയുടെ യോഗ്യത എന്താണ്; ഏതെല്ലാം വകുപ്പുകളിലാണ് ഇവരെ നിയമിക്കുന്നത്; അതിൽ ഏതെല്ലാം വകുപ്പുകളെയാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (ബി) പി.എസ്.സി. നടത്തുന്ന സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് പരീക്ഷയുടെ യോഗ്യത ബിരുദമാണ്. സെക്രട്ടേറിയറ്റ്, കേരള പബ്ലിക സർവ്വീസ് കമ്മീഷൻ, അഡ്വക്കേറ്റ് ജനറൽ ഓഫീസ് (എറണാകുളം), കേരള സ്റ്റേറ്റ് ഓഡിറ്റ് എന്നീ വകുപ്പുകളിലേയ്ക്കാണ് നിയമനം നടത്തുന്നത്. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വകുപ്പുകളെ സംബന്ധിച്ച് 04.01.2017 ലെ G.O.(Ms)No.1/2017/ P&ARD ൽ വിശദമാക്കിയിട്ടുണ്ട്. |
| (സി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന് വേണ്ട യോഗ്യത, പരീക്ഷാ രീതി എന്നിവ വ്യക്തമാക്കുമോ; | (സി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന് വേണ്ട യോഗ്യത, പരീക്ഷാ രീതി എന്നിവ സംബന്ധിച്ച കാര്യങ്ങൾ സർക്കാർ പരിഗണനയിലാണ്. |

| | |
|---|---|
| (ഡി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കുന്നത് സംബന്ധിച്ച് ശ്രീമതി നളിനി നെറ്റോ അദ്ധ്യക്ഷയായി എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; ആയതിൽ എന്തായിരുന്നു നിർദ്ദേശിച്ചിരുന്നത്; അത് പ്രകാരമാണോ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കുന്നത്; വ്യക്തമാക്കുമോ; | (ഡി) 16.08.2016 ലെ G.O.(Rt) No.322/2016/ P&ARD പ്രകാരം ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായി ഒരു സെക്രട്ടറിതല കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി അതിന്മേൽ അവലോകന റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു |
| (ഇ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ലഭിക്കുന്നവരുടെ പ്രമോഷൻ തസ്തികകൾ ഏതെല്ലാമാണ്; വിശദമാക്കാമോ? | (ഇ) സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്